# സ്വർഗ്ഗസ്ഥനായ പിതാവുമായുള്ള തകർക്കപ്പെടാത്ത കൂട്ടായ്മയെ യേശു വിലമതിച്ചു.

സാക് പുന്നൻ

WFTW 08 സെപ്റ്റംബർ 2013

65 വർഷം ദൈവത്തോടു കൂടെ നടന്ന ശേഷം തന്റെ 95 മത്തെ വയസ്സിൽ യോഹന്നാൻ അപ്പോസ്തൊലൻ ആത്മപ്രേരണയാൽ ഒരു ലേഖനമെഴുതുവാൻ തീരുമാനിച്ചു. 'കൂട്ടായ്മ' എന്നതായിരുന്നു ഈ ലേഖനത്തിന്റെ വിഷയം ( 1 യോഹ 1:3 ). സഭയും അതിന്റെ നേതാക്കന്മാരും അവരുടെ ആദ്യസ്നേഹം വിട്ടുകളഞ്ഞതും ( വെളി 2:4) ജീവനുള്ളവർ എന്ന പേരുള്ളപ്പോൾ തന്നെ ( പലവിധ ക്രിസ്തീയപ്രവർത്തനങ്ങളാൽ ) അവർ ദൈവ ദൃഷ്ടിയിൽ നിർജ്ജീവരായിരിക്കുന്നതും ( വെളി 3:1) യോഹന്നാൻ കണ്ടു. അതിനാൽ തന്നെ ക്രിസ്ത്യാനികളെ പിതാവിനോടും പുത്രനായ യേശുക്രിസ്തുവിനോടും ഉള്ള ചിന്തപ്പെട്ട തിരശ്ശീലയ്ക്കുള്ളിലെ കൂട്ടായ്മയുടെ സന്തോഷം അനുഭവിക്കുന്നതിലേക്ക് നയിക്കണമെന്നത് വലിയൊരു ആവശ്യമായി യോഹന്നാൻ കണ്ടു.

പല പ്രവർത്തനമേഖലകളിലും സന്തോഷം കണ്ടെത്താൻ കഴിയും. ചിലർ അത് കായിക വിനോദങ്ങളിൽ കണ്ടെത്തുന്നു. മറ്റു ചിലർ സംഗീതത്തിലായിരിക്കും. ചിലർ അവരുടെ തൊഴിലിലായിരിക്കും . വേറെ ചിലർ ക്രിസ്തീയവേലയിലായിരിക്കും സന്തോഷം കണ്ടെത്തുന്നത് . എന്നാൽ ഈ ലോകത്തിലെ ഏറ്റവും പരിശുദ്ധമായ സന്തോഷം പിതാവുമായുള്ള കൂട്ടായ്മയിൽ മാത്രമാണ് നാം കണ്ടെത്തുന്നത് ( 1 യോഹ 1:4 ).

സങ്കീർത്തനക്കാരൻ പറയുന്നത് 'അങ്ങയുടെ സന്നിധിയിൽ സന്തോഷപൂർണ്ണതയുണ്ട്' ( സങ്കീ 16:11 ). നാൾ തോറും ക്രൂശിനെ സഹിക്കുവാൻ യേശുവിനെ പ്രേരിപ്പിച്ച 'തന്റെ മുൻപിൽ വച്ചിരുന്ന സന്തോഷം' ഇതു തന്നെയായിരുന്നു ( എബ്രാ 12:2). പിതാവുമൊത്തുള്ള കൂട്ടായ്മയാണ് യേശു ഏറ്റവും വിലമതിച്ച തന്റെ സമ്പാദ്യം. ഈ പ്രപഞ്ചത്തിലെ മറ്റൊന്നിനെയും അതിനെക്കാൾ വിലയുള്ളതായി അവിടുന്ന് കണ്ടില്ല. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി കാൽവരിയിൽ 3 മണിക്കൂർ സമയത്തേയ്ക്ക് ഈ കൂട്ടായ്മ മുറിഞ്ഞു പോകുന്നതിനാൽ നിത്യനരകത്തിന്റെ വേദന താൻ അനുഭവിക്കേണ്ടിവരുമെന്ന് യേശു അറിഞ്ഞിരുന്നു ( മത്താ 27:45). അപ്പോൾ പിതാവ് കൈവിടുകയും നിത്യത മുതൽ അവിടുന്ന് അനുഭവിച്ചുപോന്ന പിതാവുമൊത്തുള്ള ആ കൂട്ടായ്മ 3 മണിക്കൂർ നേരത്തേയ്ക്ക് മുറിഞ്ഞു പോയി. ഈ കൂട്ടായ്മയുടെ തകർച്ച ഗത്സമനയിൽ യേശുവിന്റെ രക്തം വിയർപ്പായി വരത്തക്കവണ്ണം അത്ര ഭയാനകമായിരുന്നു. നീങ്ങി പോകണമെന്ന് അവിടുന്ന് പ്രാർത്ഥിച്ച പാനപാത്രവും ഇതുതന്നെയാണ്.

ഈ ഒരു കാര്യം നാം കാണുകയും അതിനാൽ പിടിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ യേശുവിനെ അനുഗമിക്കുക എന്നതിനെക്കുറിച്ച് നിസാരമായി പറയുവാനും പാടുവാനും നമുക്ക് കഴിയുമോ ? യേശുവിനെ അനുഗമിക്കുകയെന്നാൽ യേശു പിതാവുമൊത്തുള്ള കൂട്ടായ്മയെ വിലമതിച്ചതുപോലെ വിലമതിയ്ക്കുകയെന്നാണ്. പിതാവുമൊത്തുള്ള കൂട്ടായ്മയെ തകർക്കുന്ന കാര്യമായതിനാൽ പാപം അങ്ങേയറ്റം ഗൗരവമുള്ളതായിത്തീരുന്നു . മറ്റു മനുഷ്യരോട് സ്നേഹമില്ലാത്ത മനോഭാവം പിതാവുമൊത്തുള്ള കൂട്ടായ്മയെ തകർക്കുന്ന ഒന്നായതിനാൽ അതും നമുക്ക് സഹിക്കാൻ പറ്റാത്ത ഒന്നായി തീരും.

സ്നേഹവാനായ സ്വർഗ്ഗീയ പിതാവിനോടൊത്തുള്ള തകർക്കപ്പെടാത്ത കൂട്ടായ്മയിലുള്ള ജീവിതമാണ് യഥാർത്ഥ ക്രിസ്തീയതയെന്ന് കാണുവാൻ തക്ക വെളിപാട് ദൈവം നമുക്ക് നൽകട്ടെ

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)